**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **22-01-2021 - ൽ മറുപടിയ്ക്ക്**

**പുലാപ്പറ്റ തോട് പുനരുദ്ധാരണം പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | Shri. K. Krishnankutty (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ തോട് പുനരുദ്ധാരണ പ്രവൃത്തിയുടെ പ്രൊപ്പോസൽ സർക്കാരിൽ എന്നാണ് ലഭിച്ചത്; | (എ) | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ തോട് പുനരുദ്ധാരണ പ്രവൃത്തിയുടെ പ്രൊപ്പോസൽ RKI Tranche I-Additional proposals-ൽ ഉൾപ്പെടുത്തി 21-08-2020-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | എത്ര രൂപയുടെ പ്രൊപ്പോസൽ ആണ് ലഭിച്ചിരിക്കുന്നത്; | (ബി) | കാഞ്ഞിരംപാറതോട്, പുലാപ്പറ്റതോട്, പുഞ്ചപ്പാടം തോട് എന്നിവയുടെ നവീകരണത്തിനായി RKI പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെള്ള പ്രൊപ്പോസലാണ് ലഭ്യമായത്. |
| (സി) | പ്രസ്തുത തോട് പുനരുദ്ധാരണത്തിനായി എത്ര തുകയാണ് സർക്കാർ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | റീബിൽഡ് കേരള ഇനിഷ്യറ്റീവ് (RKI)-ൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ചിരുന്ന പ്രവൃത്തികളുടെ കൂട്ടത്തിൽ പ്രസ്തുത പ്രവൃത്തിയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യതയില്ലുള്ള കുറവ് നിമിത്തം ഈ പദ്ധതിക്ക് മറ്റ് ധനാസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ RKIൽ നിന്ന് നിർദ്ദേശം ലഭിച്ചത് പ്രകാരം ആയത് സർക്കാരിൽ പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ